# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:5763      03.11.2016 -ലെ മറുപടി

## കൊട്ടാരക്കര മണ്ഡലത്തിലെ കെ ഐ പി കനാൽ റോഡുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കെ.ഐ.പി.യുടെ ഭാഗമായി എത്ര ദൈർഘ്യത്തിൽ കനാൽ റോഡുകളുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) 42.27 കി.മീ.ദൈർഘ്യത്തിൽ കനാൽ റോഡുകളുണ്ട്. |
| (ബി) പ്രസ്തുത കനാൽ റോഡുകൾ തകർന്നും, കാടുപിടിച്ചും കിടക്കുന്നതിനാൽ ഗതാഗതം ദുഷ്കരമായി തീർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത കനാൽ റോഡുകളുടെ നവീകരണത്തിന് കഴിഞ്ഞ സർക്കാർ തുക അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ; വിശദാംശങ്ങൾ നൽകുമോ; | (സി) ഓയൂർ ബ്രാഞ്ച് കനാൽ ചെയിനേജ് 6928 മീ. മുതൽ 8088 മീ.വരെയുള്ള കനാൽ റോഡ് ടാർ ചെയ്യാനായി 9,36,868/- രൂപ അനുവദിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തു. |
| (ഡി) പ്രസ്തുത കനാൽ റോഡുകളുടെ നവീകരണത്തിനായി തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ബജറ്റ് വിഹിതത്തിനുപുറമേ, ചീഫ് എഞ്ചിനീയറിൽനിന്നും ശുപാർശ ലഭിക്കുന്ന മുറയ്ക്ക് മറ്റു ഫണ്ടുകൾ അനുവദിക്കുന്ന കാര്യം ധനകാര്യവകുപ്പുമായി ആലോചിച്ച് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ